ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി 1,00,000 രൂപയാണ്.

മാനന്തവാടി സ്വദേശിയായ ബാലികയ്ക്ക് എച്ച്.ഐ.വി.

85 (3716) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രിയിൽനിന്ന് രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധിതയായ മാനന്തവാടി സ്വദേശിയായ ബാലികയ്ക്കും കുടുംബത്തിനും 3-12-2013-ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ഭൂമി വാങ്ങി വീട് വെയ്ക്കാനുള്ള പണം (13.5 ലക്ഷം രൂപ) ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) മുഖ്യമന്ത്രി നൽകിയ വാഗ്ദാനമനുസരിച്ചുള്ള സഹായം ലഭിക്കാതെ ബാലികയും കുടുംബവും ഇപ്പോഴും പുറമ്പോക്കിൽ കഴിയുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) 31-12-2013-ലെ വീഡിയോ കോൺഫറൻസിൽ ബഹുമാന്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം 24-10-2014-ലെ G.O(MS)No.443/14/RD ഉത്തരവു പ്രകാരം 12.5 ലക്ഷം രൂപ (പന്ത്രണ്ടുലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. അത് നൽകുന്നതിനു വേണ്ട നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചിട്ടുണ്ട്. അസ്മത് എന്ന കുട്ടിയുടെ പിതാവിന് കൂടി അവകാശമുള്ള സ്ഥലത്ത് വീട് വയ്ക്കാൻ കഴിയുമോ എന്ന് അന്വേഷിച്ചതിൽ ടി സ്ഥലത്ത് വീട് വയ്ക്കാൻ സാധ്യമല്ലെന്ന് അവകാശികൾ അറിയിച്ചിട്ടുള്ളതാണ്. അതിനാൽ കുട്ടിക്ക് സമ്മതവും സ്വീകാര്യവുമായ മാനന്തവാടി വില്ലേജിൽ റീ-സർവ്വേ നമ്പർ 254/1ബി1-ൽപ്പെട്ട 5 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly